20/1/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 994*(2)/2022*/എസ്.ഐ.സി**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **10939**/എസ്.ഐ.സി-ജി 6/22)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.മോഹൻലാൽ പി.,
ലാൽ ഭവനം, മരു.വടക്ക്,
ആലുംകടവ് പി.ഒ., കരുനാഗപ്പള്ളി.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
(അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ),
കേരള വാട്ടർ അതോറിറ്റി, പബ്ലിക് ഹെൽത്ത്
സബ് ഡിവിഷൻ, ചവറ, ഇടപ്പള്ളികോട്ട പി.ഒ.,
കൊല്ലം – 691 583.

2. അപ്പീൽ അധികാരി&
സൂപ്രണ്ടിംഗ് എഞ്ചിനീയർ,
സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയം,
പബ്ലിക് ഹെൽത്ത് സബ് ഡിവിഷൻ,
കൊല്ലം – 691 583.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 01.04.2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 29.04.2022 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 04.05.2022 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 20.05.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 11.07.2022 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 14.07.2022 |
| ഹിയറിംഗ് നടന്ന തീയതി | 12.12.2022, കൊല്ലം ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാൾ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 01.04.2022ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) സതീഷ് ചന്ദ്രൻ, മാളിയേക്കൽ വീട്, മരു.വടക്ക് എന്ന വ്യക്തി നാളി തുവരെ (01.04.2022) ടി ഓഫീസിൽ നൽകിയിട്ടുള്ള മുഴുവൻ വിവരാവകാശ അപേക്ഷകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കണമെന്നും

2) ടിയാന് നാളിതുവരെ (01.04.2022) ടി ഓഫീസിൽ നൽകിയിട്ടുള്ള മുഴുവൻ വിവരാവകാശ മറുപടിയുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യ മാക്കണമെന്നും ഒപ്പം ആയത് പരിശോധിക്കുവാനുള്ള അവസരവും നൽക ണമെന്നും

3) മേൽപ്പടി വ്യക്തി നാളിതുവരെ (01.04.2022) ടി ഓഫീസിൽ നിന്നും പകർപ്പ് ഫീസൊടുക്കി നേടിയ മുഴുവൻ വിവരാവകാശ രേഖകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പും അതോടൊപ്പം പരിശോധിക്കുവാനുള്ള അവ സരവും നൽകണമെന്നും

4) അപേക്ഷകൻ സമർപ്പിക്കുന്ന ടി അപേക്ഷയുടെ സാക്ഷ്യപ്പെടു ത്തിയ പകർപ്പ് ലഭ്യമാക്കണമെന്നുമാണ്.

ആയതിന് 29.04.2022ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്ന ത്,

ക്രമനമ്പർ 1, 2, 3 എന്നിവ മൂന്നാമത് ഒരു വ്യക്തിയുടെ വിവരാവകാശ അപേക്ഷകളുടെയും അതിനു നൽകിയ മറുപടികളുടെയും പകർപ്പുകളു ടെയും പകർപ്പ് ആവശ്യപ്പെട്ടിരിക്കുന്നുവെന്നും പ്രസ്തുത ചോദ്യങ്ങൾക്ക് വിവരാവകാശ നിയമം സെക്ഷൻ 8(i)(j) പ്രകാരം പകർപ്പുകൾ ലഭ്യമാ ക്കാൻ കഴിയാത്തതിനാൽ നിരസിക്കുന്നുവെന്നാണ്.

4) പകർപ്പിന് ഒരു പേജിന് 3 രൂപ നിരക്കിൽ 3 രൂപ കേരള വാട്ടർ അതോറിറ്റി സബ് ഡിവിഷൻ ഓഫീസിൽ കുറയാത്ത ഓഫീസിൽ അടച്ച് രസീത് ഹാജരാക്കുന്ന മുറയ്ക്ക് പകർപ്പ് ലഭ്യമാക്കുമെന്നുമാണ്.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 20.05.2022ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, 04.05.2022ലെ അപ്പീൽ അപേക്ഷ തീർപ്പാക്കുന്നതിനായി 20.05.2022ന് പി.എച്ച്. ഡിവിഷൻ, കൊല്ലം എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടന്നും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപ്പീലിന് മറുപടി നൽകുമെന്നുമാണ് അറിയിച്ചത്.

4. രണ്ടാം എതിർകക്ഷി 10.11.2022ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ബഹു.കമ്മീഷനിൽ നിന്നും ഇമെയിൽ മുഖേന നോട്ടീസ് ലഭിച്ച ഉടൻതന്നെ ബന്ധപ്പെട്ട വിവരാവകാശ ഓഫീസറായ പി.എച്ച്. സബ്ഡിവിഷൻ ചവറയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാൻ 17.09.2022ലെ കത്തു മുഖാന്തരം നിർദ്ദേശം നൽകിയിരുന്നുവെന്നും തുടർന്ന് 21.10.2022ന് വിവരാവകാശ ഓഫീസർ വസ്തുതകൾ വിശദീകരിച്ച് അപേക്ഷയിൽ എടുത്ത നടപടികൾ അറിയിച്ചുകൊണ്ട് കത്ത് ലഭ്യമായിട്ടുണ്ടെന്നുമാണ്.

ഹർജിക്കാരന്റെ സമീപവാസിയായ ശ്രീ.സതീശ് ചന്ദ്രന്റെ വസ്തുവിൽ സ്ഥാപിക്കപ്പെട്ട ടാപ്പ് നശിപ്പിക്കപ്പെട്ട വിഷയത്തിൽ നിയമതർക്കങ്ങൾ ബഹു.ഹൈക്കോടതിയിലടക്കം നടന്നുവരുകയാണെന്നും രണ്ടുപേരും പരസ്പരം വിവരാവകാശ നിയമപ്രകാരം നൽകുന്ന അപേക്ഷകളും അവയുടെ തുടർ നടപടികളും സംബന്ധിച്ച വിവരങ്ങൾ നിരന്തരം ആരാഞ്ഞുകൊണ്ടിരിക്കുകയാണെന്നുമാണ്. അപ്രകാരം ലഭിച്ച അപേക്ഷകളിൽ ഒന്നാണ് ഇപ്പോൾ പരാതിക്കാധാരമായതെന്നും ശ്രീ.സതീശ് ചന്ദ്രന്റെ നാളിതുവരെ നൽകിയ അപേക്ഷകളുടെയും ആയതിനു നൽകിയ മറുപടികളുടെയും പകർപ്പുകളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ആയതിനാലാണ് 27.06.2022ൽ 8(1) പ്രകാരം മറുപടി നൽകിയതെന്നും ടി ഓഫീസിൽ അപ്പീൽ അപേക്ഷ ലഭിച്ചിതിനു ശേഷം അപേക്ഷകനെ എസ്.പി.ഐ.ഒ.യുടെ

റിപ്പോർട്ട് തേടിയിട്ടുണ്ട് എന്ന വിവരം അറിയിച്ചിരുന്നുവെന്നാണ്. പൊതുതാല്പര്യമില്ലാത്ത തികച്ചും വ്യക്തിഗത വിവരങ്ങൾ ആവശ്യപ്പെട്ടിരിക്കുന്നുവെന്ന ഉത്തമ ബോധ്യത്തിലാണ് പ്രവർത്തിച്ചതെന്നും പിന്നീട് കമ്മീഷനിൽ നിന്നും ലഭിച്ച നോട്ടീസ് പ്രകാരം ടി ഓഫീസിൽ നിന്നും വിവരാവകാശ ഓഫീസർക്ക് അടിയന്തിര നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും രേഖകളും നൽകിയിട്ടുണ്ട് എന്നും ബോധിപ്പിക്കുന്നു. ആയതു സംബന്ധിച്ച വിശദമായ റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളുടെ പകർപ്പും അപേക്ഷ ഉൾപ്പെടെ ഇതൊടൊപ്പം സമർപ്പിക്കുന്നുവെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ലഭ്യമായ വിവരങ്ങൾ നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. എന്നാൽ ബന്ധപ്പെട്ട ഫയൽ ഹർജിക്കാരന് പരിശോധിക്കുന്നതിനുള്ള അവസരം നൽകണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശ പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ഡിസംബർ 28–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

Ge/